# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3796 — 19/02/2013 - ൽ മറുപടിയ്ക്ക്

### ട്രെയിനുകളിൽ യാത്രക്കാർക്ക് സുരക്ഷാസംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, സാജു പോൾ<br>,, പുരുഷൻ കടലുണ്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ)ട്രെയിനുകളിൽ യാത്രക്കാർക്ക് സുരക്ഷാസംവിധാനം ഏർപ്പെടുത്തേണ്ട ആവശ്യം സർക്കാർപരിഗണിച്ചിട്ടുണ്ടോ; മുഴുവൻ സമയ കാവൽ, വനിതാകാവൽക്കാർ, ഉടൻ പരാതിപരിഹാര സംവിധാനം തുടങ്ങിയ പ്രഖ്യാപനങ്ങൾ നടപ്പിലാക്കപ്പെട്ടിട്ടുണ്ടോ; | (എ) പരിഗണിച്ചിട്ടുണ്ട്. നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി)ട്രെയിനുകളിലെ സുരക്ഷയ്ക്കുള്ള പോലീസിന്റെ അംഗബലവും സുരക്ഷാസംവിധാനവും സംബന്ധിച്ച വിശദമാക്കുമോ; | (ബി) സംസ്ഥാന റെയിൽവേ പോലീസിലെ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരിൽ സബ് ഇൻസ്പെക്ടർ മുതൽ വനിതാ സി.പി.ഒ വരെയുള്ള മുഴുവൻ പേരും ട്രെയിനുകളിലെ സുരക്ഷയ്ക്കായി നിയോഗിക്കപ്പെട്ടവരാണ്.<br>റെയിൽവെ പോലീസ് സൂപ്രണ്ട്............1<br>ഡെപ്യൂട്ടി റെയിൽവെ പോലീസ് സൂപ്രണ്ട്... 4<br>റെയിൽവേ പോലീസ് ഇൻസ്പെക്ടർ.........4<br>സബ് ഇൻസ്പെക്ടർ..........................19<br>അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ.............6<br>സീനിയർ സിവിൽ പോലീസ് ഓഫീസർ....100<br>സിവിൽ പോലീസ് ഓഫീസർ................504<br>വനിതാ സിവിൽ പോലീസ് ഓഫീസർ ......37 |
| (സി)സംസ്ഥാനത്തെ പൊതുവായ ക്രമസമാധാനത്തകർച്ചയുടെ പ്രതിഫലനം ട്രെയിനുകളിലും ശക്തിപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ സ്ഥിതി കൂടുതൽ വഷളാവാതിരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) സംസ്ഥാനത്ത് ക്രമസമാധാന തകർച്ച ഉണ്ടായിട്ടില്ല. ട്രെയിനുകളിൽ ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുവാൻ റെയിൽവേ പോലീസ് വിഭാഗം പ്രത്യേകം ശ്രദ്ധിക്കുകയും ഊർജ്ജിതമായ ട്രെയിൻ പട്രോളിംഗും അനുബന്ധ നടപടികളും സ്വീകരിച്ചു വരികയും ചെയ്യുന്നു. |

| | |
|---|---|
| (ഡി)മലബാർ എക്സ്പ്രസ്സിൽ സ്ത്രീയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ചയാളെ യാത്രക്കാർ പിടികൂടി പോലീസിൽ ഏൽപ്പിച്ച സംഭവത്തിൽ പോലീസ് സ്വീകരിച്ച നിലപാടിൽ ദുരൂഹതയുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ